**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 209** | **28.05.2019 ൽ മറുപടിക്ക്** |

## ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. അബ്ദു റബ്ബ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) തിരുവിതാംകൂർ- കൊച്ചി ശാസ്ത്രീയ ധർമ്മ സംഘങ്ങൾ ആക്ട് പ്രകാരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം രജിസ്റ്റർ ചെയ്തിരിക്കുന്ന കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫയർ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡിയിൽ ഉദ്യോഗത്തിൽ മുതിർന്നവരായ പോലീസുകാരെ മാത്രം ഉൾപ്പെടുത്തിയത് എന്തുകൊണ്ടാണ്; | എ) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ മേൽനോട്ടം കേരള പോലീസ് സ്പോർട്സ് ആന്റ് യൂത്ത് വെൽഫയർ സൊസൈറ്റിയ്ക്കാണ്. സൊസൈറ്റിയുടെ ബൈലോ പ്രകാരമാണ് ഗവേണിംഗ് ബോഡി രൂപീകരിച്ചിട്ടുള്ളത്. |
| ബി) പ്രസ്തുത സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തിന് ഉൾപ്പെടെ ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതിനുള്ള ഗവേണിംഗ് ബോഡിയിൽ നിലവിലുള്ളവർക്ക് പുറമെ വകുപ്പമന്ത്രിയെയും ഭരണ പ്രതിപക്ഷ വ്യത്യാസമില്ലാതെ രണ്ട് നിയമസഭാംഗങ്ങളെയും കൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ;എങ്കിൽ ഇതിനായി നടപടികൾ സ്വീകരിക്കുമോ; | ബി) സൊസൈറ്റിയുടെ ഭരണ നിർവ്വഹണത്തിനു വേണ്ടി നിയോഗിക്കപ്പെട്ട ഗവേണിംഗ് ബോഡിയുടെ അദ്ധ്യക്ഷൻ ബൈലോ പ്രകാരം സംസ്ഥാന പോലീസ് മേധാവി ആണ്. സൊസൈറ്റിയിലൂടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും, നിയന്ത്രിക്കുന്നതും പ്രസ്തുത ഗവേണിംഗ് ബോഡിയാണ്.ഗവേണിംഗ് ബോഡി അംഗങ്ങളായി പുതുതായി ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല. |
| സി) ഇല്ലെങ്കിൽ പൊതുജനപങ്കാളിത്തം നിർബന്ധമായി ആവശ്യമുള്ള | സി) ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ എല്ലാ സൗകര്യങ്ങളും സ്റ്റേഡിയത്തിലെ |

| | |
|---|---|
| ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | സംവിധാനങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പൊതുജനങ്ങൾക്കും പരമാവധി നൽകി വരുന്നുണ്ട്. പോലീസ് കുടുംബങ്ങൾക്കൊപ്പം പൊതുജനങ്ങൾക്കും സ്റ്റേഡിയത്തിലെ എല്ലാ സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നതിന് അവസരമുണ്ട്. എന്നാൽ സ്ഥലപരിമിതി മൂലം ഓരോ സൗകര്യങ്ങളും ഉപയോഗിച്ചുവരുന്നവരുടെ അംഗസംഖ്യ പരിമിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ